# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2492:** **13/02/2013- ൽ മറുപടിക്ക്**

## മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികൾക്ക് പുതിയ നിയമം

**ചോദ്യം** **ഉത്തരം**

**ശ്രീ. ചിറ്റയം ഗോപകുമാർ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശരിയായ നിലയിൽ പ്രവർത്തിച്ച് വരുന്ന മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികൾക്ക് പുതിയ നിയമം ഉണ്ടാക്കുന്നതിന് തയ്യാറാകുമോ ; | (എ) | നിയമനിർമ്മാണത്തിനായി കരട് ബിൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 10/01/13-ലെ ജി. ഒ. (എം. എസ്) 03/13/വ്യവ പ്രകാരം വ്യവസായ സെക്രട്ടറി തലവനായി ഒരു ആറംഗ സമിതി രൂപീകരിക്കുന്നതിനു ഉത്തരവായിട്ടുണ്ട്. |
| (ബി) | മതിയായ നിയമവ്യവസ്ഥ യില്ലാത്തതിനാൽ പ്രസ്തുത രംഗത്ത് പ്രവർത്തിച്ച് വന്നിരുന്ന ലക്ഷക്കണക്കിന് ആളുകളുടെ ഭാവി അനിശ്ചിതാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടി ഇതുവരെ ഈ സർക്കാർ നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (സി) | മൾട്ടി ലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിനായി 12/09/11- ലെ ജി. ഒ. (എം.എസ്) 190/11/വ്യവ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രവുമല്ല, 16/07/12-ലെ സ.ഉ. (എം. എസ്) നം. 85/12/വ്യവ പ്രകാരം ഡയറക്ട് മാർക്കറ്റിംഗ് കമ്പനികളുടെ ഭാഗത്തു നിന്ന് കൂടുതൽ ഉത്തരവാദിത്വവും; ഉൽപ്പന്നങ്ങളുടെ സത്യസന്ധതയും നിലനിർത്തുന്നതിനായി എല്ലാ ഡയറക്ട് മാർക്കറ്റിംഗ് ഏജൻസികളും വാണിജ്യ നികുതി വകുപ്പുമായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ഡയറക്ട് മാർക്കറ്റിംഗ് ഏജൻസികളും അവയുടെ വിൽപന ഏജന്റുമാരും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | നേടിയിരിക്കേണ്ടതും ആയത് ഉപഭോക്താക്കളുടെ മുമ്പാകെ പ്രദർശിപ്പിക്കേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട് . കൂടാതെ, 10/01/13- ലെ ജി. ഒ. (എം.എസ്.) നം. 03/2013/വ്യവ പ്രകാരം മൾട്ടി ലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കാൻ നിയമ നിർമ്മാണം നടത്തുന്നതിനായി കരട് ബിൽ തയ്യാറാക്കുന്നതിന് വ്യവസായ സെക്രട്ടറി അദ്ധ്യക്ഷനായി ആറംഗ സമിതി രൂപീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**